## 6

## ചോ:

# “ദൈവം കരുണയുള്ളവനാണെങ്കിൽ, നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുമുള്ള ആളുകൾ നഷ്ടപ്പെടുവാൻ ഇടവരുമോ?”

## ഉത്തരം:

ആളുകൾ രക്ഷിക്കപ്പെടുന്നതിനു മുമ്പു വെള്ളത്തിൽ മുങ്ങൽ സ്നാനം ഏറ്റിരിക്കണം എന്ന് ബൈബിൾ പഠിപ്പിക്കുന്നതായിട്ടാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഇതിനോടു പ്രതികരിച്ചു പലപ്പോഴും ആളുകൾ പറയാറുള്ളത്, “അതെ, ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നുണ്ടെന്നു തോന്നുന്നു, എന്നാൽ അങ്ങനെ സ്നാനപ്പെടാത്ത നാമധേയവിഭാഗങ്ങളിലുള്ള നിരവധി പേരെ കുറിച്ച് എന്താണു പറയാനുള്ളത്? അവർ നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരുമാണ്. അപ്പോൾ പിന്നെ അവരെല്ലാം എങ്ങനെ നഷ്ടപ്പെട്ടുപോകും?” ആദ്യം, നാം ചിന്തിക്കുന്നത് ക്രിസ്തുവിൽ വിശ്വസിക്കുന്ന, നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും, മതപരമായവരെയും കുറിച്ചാണ്, എന്നാൽ അവർ വചനപ്രകാരം സ്നാനം ഏറ്റിട്ടില്ല. അങ്ങനെയുള്ളവർ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ?

നമുക്ക് ഈ പരിശോധന അല്പം വിപുലീകരിക്കാം. യഥാർത്ഥത്തിൽ ക്രിസ്ത്യാനികൾ എന്നു പറയുന്നവർ മാത്രമാണ് നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും എന്നു നിരൂപിക്കുന്നതു തെറ്റാണ്. തങ്ങൾക്കു ദൈവത്തിൽ വിശ്വസിക്കുവാൻ കഴിയുന്നില്ലെന്നു ചിലർ പറയുന്നു. ആ തീരുമാനത്തിൽ അവർ ശരിയുള്ളവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരുമാണ്. അതുപോലെയുള്ള നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും നഷ്ടപ്പെടാമോ?

എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നവരെ കുറിച്ചും, ക്രിസ്തു ദൈവപുത്രനാണെന്നു സ്വീകരിക്കാത്തവരെ കുറിച്ചും എന്താണു പറയാനുള്ളത്? അതുപോലെ ദൈവത്തിൽ വിശ്വസിക്കയും, ദൈവത്തിന്റെ അവസാന വെളിപ്പാടായ, ക്രിസ്തുവിനെ ദൈവപുത്രനായി സ്വീകരിക്കാത്തവരുമായ യെഹൂദന്മാരെ കുറിച്ചും മുസ്ലീമുകളെ കുറിച്ചും എന്താണുള്ളത്? യഥാർത്ഥ ക്രിസ്ത്യാനികൾ നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും ആണ് - അതുപോലെ, അവരും, നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുമുള്ളവരുമാണ്. അവർ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ?

### എന്താണ് ബൈബിൾ പഠിപ്പിക്കുന്നത്?

നമുക്ക് ഇങ്ങനെ ചോദിച്ചുകൊണ്ടു തുടങ്ങാം: ഈ വിഷയത്തെക്കുറിച്ചു ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്? മറ്റുള്ളവർ എന്തു വിശ്വസിക്കുന്നു

എന്നതിനേക്കാൾ ദൈവം എന്തു പറയുന്നു എന്നതിലാണ് നാം വിചാരപ്പെടുന്നത്. അവന്റെ പുസ്തകമായ, ബൈബിൾ വായിച്ചാൽ മാത്രമേ അവന്റെ ഇഷ്ടം നമുക്ക് അറിയുവാൻ സാധ്യതയുള്ളൂ. അപ്പോൾ, ബൈബിൾ അനുസരിച്ചു, ഈ ആളുകൾ നഷ്ടപ്പെട്ടവരാകുമോ?

ആ ചോദ്യങ്ങൾക്കു ഉത്തരം ലഭിക്കുവാൻ, നമുക്ക് ഈ ചോദ്യങ്ങൾ ചോദിക്കാം:

നിരീശ്വരവാദികളോടു, നമുക്കു ചോദിക്കാം, *"ദൈവത്തിലുള്ള വിശ്വാസം കൂടാതെ നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുമോ?"* "ദൈവത്തെ അറിയാത്തവരോടു" പ്രതികാരം വീട്ടുവാൻ ക്രിസ്തു അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുമെന്നു പറഞ്ഞിരിക്കുന്ന 2 തെസലൊനിക്യർ 1:7-9 പരിഗണിക്കുക. എബ്രായർ 11:6 പറയുന്നതു വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുന്നതല്ല, അവന്റെ അടുക്കൽ വരുന്നവൻ "ദൈവം ഉണ്ട് എന്നു വിശ്വസിക്കേണ്ടതല്ലൊ." അതിനർത്ഥം ഒരാൾ നിരീശ്വരനായാലും രക്ഷിക്കപ്പെടുവാൻ കഴിയുമെന്നാണോ? താൻ തെറ്റുകാരനായിരുന്നിട്ട് മരണശേഷം ഉള്ള ന്യായവിധിയിൽ ദൈവത്തെ അഭിമുഖീകരിക്കുകയാണെങ്കിൽ, അവൻ തെറ്റു ഏറ്റു പറയുമെന്നും, അപ്പോൾ താനും ദൈവവും ആ തമാശയിൽ ചിരിക്കുമെന്നും ഒരു നിരീശ്വരവാദി പറയുകയുണ്ടായി. എന്നാൽ, ബൈബിൾ അനുസരിച്ചു, സ്ഥിതി അങ്ങനെയായിരിക്കയില്ല!

രണ്ടാമത്, ആത്മാർത്ഥതയുള്ള അ-ക്രൈസ്തവരോടു നമുക്കു ചോദിക്കാം: *"ക്രിസ്തുവിലുള്ള വിശ്വാസം കൂടാതെ നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുമോ?"* എന്താണ് ബൈബിൾ പഠിപ്പിക്കുന്നത്? യോഹന്നാൻ 8:24 അനുസരിച്ചു, യേശു പറഞ്ഞു, "...ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാതിരുന്നാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും." യോഹന്നാൻ 14:6-ൽ അവൻ പറഞ്ഞു, "...ഞാൻ മുഖാന്തരമല്ലാതെ, ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ സാധ്യമല്ല." ക്രിസ്തുവിന്റെ നാമം ഒഴിച്ചു മറ്റൊരു നാമത്തിലും നിങ്ങൾക്കു രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ല. അ-ക്രൈസ്തവനെ നാം ഇഷ്ടപ്പെടുകയും പ്രശംസിക്കുകയും ചെയ്യുന്നതുപോലെ, അത്രമാത്രം നാം ബൈബിൾ പറയുന്നതിനെ സ്വീകരിച്ചാൽ, അയാൾ അവിശ്വാസി ആയിരിക്കുന്നേടത്തോളം അയാൾക്കു രക്ഷിക്കപ്പെടുവാൻ കഴിയും എന്നു നമുക്ക് ചിന്തിക്കുവാൻ സാധ്യമല്ല.

മൂന്നാമതായി, മതപരമായി തെറ്റിപ്പോകുന്ന, യഥാർത്ഥ ക്രിസ്ത്യാനികളെ കുറിച്ചു ചിന്തിക്കുക. ബലഹീനരും തെറ്റുകാരുമായ ക്രിസ്ത്യാനികളെ കുറിച്ചല്ല നാം സംസാരിക്കുന്നതു. നാം പറയുന്നതു ക്രിസ്ത്യാനികളാണെന്നു അവകാശപ്പെടുകയും തിരുവെഴുത്തിൻ പ്രകാരം സ്നാനം ഏല്ക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചാണ്. അവർ രക്ഷിക്കപ്പെടുമോ? നമുക്ക് അവരോടു ചോദിക്കാം, *"നിങ്ങൾ സുവിശേഷം അനുസരിക്കാതെ രക്ഷിക്കപ്പെടുമോ?"* നാമധേയവിഭാഗ സഭയിൽ ഒരാൾ അംഗമായിരിക്കുന്നു എന്നു വിചാരിക്കുക. അയാൾ താൻ വിശ്വസിക്കുന്നതിൽ ശരിയുള്ളവനും, സത്യസന്ധനും, ആത്മാർത്ഥതയുള്ളവനുമാണ്, എന്നാൽ അയാൾ ഇതുവരെ വചനപ്രകാരം സ്നാനപ്പെട്ടിട്ടില്ല. സുവിശേഷത്തിലെ ഈ കല്പന അനുസരിക്കാതെ അയാൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുമോ? 2 തെസലൊനിക്യർ 1:7-9 ൽ, ദൈവം പ്രതികാരം കൊടുക്കുന്നതു "ദൈവത്തെ അറിയാത്തവർക്കു" മാത്രമല്ല, കർത്താവായ യേശുവിന്റെ "സുവിശേഷം അനുസരിക്കാത്തവർക്കും" പ്രതികാരം

കൊടുക്കുമെന്നാണ് പൗലൊസ് പറഞ്ഞത്. യേശുവിന്റെ സുവിശേഷം അനുസരിക്കാതെ ഒരാൾക്ക് രക്ഷിക്കപ്പെടുവാൻ സാധ്യമല്ല (ഒ.വാ. മത്തായി 7:21–23). ഇതു വളരെ പരുഷമാണെന്നു ആരെങ്കിലും എതിർത്താൽ, നാമല്ല നിയമങ്ങൾ ഉണ്ടാക്കിയത്; ദൈവം ആണ് നിയമങ്ങൾ തന്നത് എന്നു നമുക്കു പറയാം! ദൈവനിയമങ്ങൾ അനുസരിക്കാതിരിക്കുവാൻ തീരുമാനിക്കുന്നതിൽ ആർക്കും രക്ഷപ്പെടുവാൻ കഴിയുകയില്ല.

അപ്പോൾ, പിന്നെ, നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും വാസ്തവത്തിൽ നഷ്ടപ്പെടുവാൻ സാധ്യമാണോ? അതിനെ കുറിച്ചു ചിന്തിക്കുക: കൊർന്നെല്യോസ് ഒരു നല്ല മനുഷ്യനായിരുന്നു (പ്രവൃത്തികൾ 10:1–4), എന്നാൽ അവൻ നഷ്ടപ്പെട്ടവനായിരുന്നു എന്നു നമുക്ക് അറിയാം കാരണം അവൻ രക്ഷിക്കപ്പെടേണ്ട വചനങ്ങൾ കേൾക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 11:14, 15). എത്യോപ്യൻ മതഭക്തിയുള്ള മനുഷ്യനായിരുന്നു, എങ്കിലും അവനു രക്ഷ അത്രമാത്രം ആവശ്യമായതുകൊണ്ടു, ദൈവം സുവിശേഷം അവനോടു അറിയിക്കുവാൻ ഫിലിപ്പൊസിനെ അവന്റെ അടുക്കലേക്കു അയച്ചു (പ്രവൃത്തികൾ 8). ശൗൽ നല്ലവനും ആത്മാർത്ഥതയുള്ളവനുമായിരുന്നു, എന്നാൽ ക്രിസ്ത്യാനിയായി തീരുന്നതിനു മുമ്പു അവൻ തന്നെക്കുറിച്ചു വിചാരിച്ചതു അവൻ പാപികളിൽ ഒന്നാമനായിരുന്നു എന്നാണ് (പ്രവൃത്തികൾ 23:1). നിങ്ങൾക്കു ധാർമ്മികമായി നല്ലവരായിരിക്കുവാനും, അതേ സമയം ആത്മീയമായി ദൈവത്തിൽനിന്നു വേർപെട്ടിരിക്കുവാനും കഴിയും; ആത്മാർത്ഥതയുള്ളവരായിരിക്കാം, എന്നാൽ ആത്മാർത്ഥമായ തെറ്റിദ്ധാരണയിലുമായിരിക്കും; സത്യസന്ധരായിരിക്കാം, അതേസമയം സത്യസന്ധമായ തെറ്റിലുമായിരിക്കാം! നാമെല്ലാം അതിനു ഉദാഹരണങ്ങൾ കണ്ടു കഴിഞ്ഞു. ഉദാഹരണത്തിനു, ആശുപത്രിയിൽ നാലു കുട്ടികൾ മരിക്കുവാനിടയായതിൽ ആസ്ട്രേലിയയിലെ ഒരു നഴ്സിനെതിരായി നരഹത്യ ആരോപിക്കപ്പെട്ടു. കുട്ടികൾക്കുള്ള മരുന്നിൽ പഞ്ചസാരക്കു പകരം അവൾ ഉപ്പു ചേർത്തതായി കരുതപ്പെടുന്നു. അവൾ അതു ചെയ്തു എന്നതിനു തെളിവില്ല, അതുകൊണ്ടു അവൾക്കെതിരെയുള്ള കേസ് തള്ളിക്കളഞ്ഞു. എങ്ങനെയായാലും, ആരോ ഒരാൾ അതു ചെയ്തു. അവൻ അല്ലെങ്കിൽ അവൾ അതു ചെയ്തപ്പോൾ ആത്മാർത്ഥമായ ഒരു തെറ്റാണ് ആ വ്യക്തി ചെയ്തത്, അതിന്റെ ഫലമായി നാലു കുട്ടികളുടെ ജീവൻ നഷ്ടപ്പെട്ടു.

കാനഡയിൽ, സാസ്കാച്ചെവാനിലെ, റെജീനയിൽ അതേപോലെ ഒരു കേസിൽ, അവിടത്തെ ഒരു ആശുപത്രിയിലെ ഒരു നഴ്സ് ശുദ്ധീകരിച്ച വെള്ളത്തിനു പകരം ബോറിക്ക് ആസിഡ് കുട്ടികൾക്കു കൊടുത്തപ്പോൾ അഞ്ചു കുട്ടികൾ മരിക്കുവാനിടയായി. ആത്മാർത്ഥമായ തെറ്റിന്റെ ഫലമായുണ്ടായ അപകടം ആയിരുന്നു അത്.

ന്യൂയോർക്കിലേക്കു പായുകയായിരുന്ന ഒരു യാത്രാതീവണ്ടിയിൽ എതിരേ വന്ന മറ്റൊരു തീവണ്ടി കൂട്ടിയിടിക്കുകയും, അതിന്റെ ഫലമായി അമ്പതു ജീവൻ നഷ്ടമാകുകയും ചെയ്തു. അതിന്റെ എഞ്ചിനീയർ മൂക്കിൽ കൂടെ രക്തം വാർന്നുകൊണ്ട് എഞ്ചിന്റെ കമ്പിയിൽ കുരുങ്ങി കിടക്കുകയായിരുന്നു. തന്റെ മരണവെപ്രാളത്തിനിടയിലും അയാൾ കൈകളിലുണ്ടായിരുന്ന ഒരു ചുളുങ്ങിയ മഞ്ഞപേപ്പർ ഉയർത്തിപ്പിടിച്ചിരുന്നു. "ഇതെടുത്തുകൊൾക," അയാൾ പറഞ്ഞു. "ആരോ എനിക്കു തെറ്റായ ആജ്ഞകൾ നൽകി എന്നു അതു നിങ്ങളെ തെളിയിക്കും!" നാം ആത്മാർത്ഥമായിട്ടാ

ണെങ്കിലും തെറ്റായ ആജ്ഞകൾ പിൻപറ്റിയാൽ, നമുക്കു ദുഃഖമുണ്ടാകുകയും ദുഃഖിക്കാൻ ഇടവരുകയും ചെയ്യും - അതിൽ മറ്റുള്ളവരും നമ്മോടൊപ്പം അകപ്പെടും.[1]

എന്നാൽ, നല്ലവരും, സത്യസന്ധരും, ആത്മാർത്ഥതയുള്ളവരുമായവർ നഷ്ടപ്പെടുമെങ്കിൽ, രണ്ടാമതൊരു ചോദ്യം അതുയർത്തുന്നു.

## അവർ നഷ്ടപ്പെടുന്നത് എങ്ങനെ സാധ്യമാകും?

ദൈവം കരുണയുള്ളവനാണെങ്കിൽ, അത്തരം ആളുകൾ എങ്ങനെ നഷ്ടപ്പെടും?

ഈ ചോദ്യം നാം ചർച്ച ചെയ്യുവാൻ തുടങ്ങുമ്പോൾ, ഇതു പറയേണ്ടതാണ്: *ബൈബിൾ ഏതെങ്കിലും അർത്ഥത്തിൽ സത്യമാണെങ്കിൽ, രക്ഷിക്കപ്പെട്ടവരേയും നഷ്ടപ്പെട്ടവരേയും തമ്മിൽ വേർതിരിക്കുന്ന ഒരു രേഖ അതിനിടയിൽ എവിടെയെങ്കിലും വരക്കണം കാരണം ചിലർ നഷ്ടപ്പെട്ടേക്കാം.* ആ സമയത്ത്, നാം ഹൃദയം കൊണ്ടല്ല, തലകൊണ്ടു ചിന്തിക്കണം. ചിലർ നഷ്ടപ്പെടുമെന്നു ബൈബിൾ പഠിപ്പിക്കുന്നു. ചിലർ നഷ്ടപ്പെടുന്നതുകൊണ്ടു, ബൈബിളിൽ വിശ്വസിക്കുന്നവരെല്ലാം ഈ പ്രശ്നം നേരിടുന്നു: ദൈവം എന്തുകൊണ്ടാണ് ഇവരെ ശിക്ഷിക്കുന്നത്? നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധരുമായ യഥാർത്ഥ ക്രിസ്ത്യാനികൾ കല്പനകൾ മുഴുവനും അനുസരിക്കാത്തതിന്റെ പേരിൽ മാത്രമാണ് നഷ്ടപ്പെടുന്നത് എന്നു പറയുന്നതിനോടുള്ള എതിർപ്പ് അതേ ശക്തിയിൽ നാം നഷ്ടപ്പെട്ടവരായി പറയുന്നവർക്കും ബാധകമാണെന്നു പറയാം.

രക്ഷിക്കപ്പെടുന്നവരും നഷ്ടപ്പെടുന്നവരും തമ്മിലുള്ള വേർതിരിവു കാണിക്കുന്ന ഒരു രേഖ വരയ്ക്കുന്നു എന്നു വിചാരിക്കുക. "നഷ്ടപ്പെടുന്നവരുടെ" വശത്ത് "സ്നാനപ്പെടാത്ത വിശ്വാസികളെ" ഉൾപ്പെടുത്തുന്ന രീതിയിൽ നമുക്ക് ആ രേഖ വരയ്ക്കാം. "അങ്ങനെ ചെയ്യുവാൻ പാടില്ല," എന്നു ആരെങ്കിലും പറയുന്നു. എന്തുകൊണ്ട്? "കാരണം ആ സ്നാനപ്പെടാത്ത വിശ്വാസികൾ നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധരുമാണ്, ദൈവം നല്ലവരെയും, ആത്മാർത്ഥതയുള്ളവരെയും, സത്യസന്ധരെയും ശിക്ഷിക്കുകയുമില്ല." "സ്നാനപ്പെടാത്ത വിശ്വാസികൾ" "രക്ഷിക്കപ്പെടുന്നവരുടെ" വശത്തും, എന്നാൽ "അ-ക്രൈസ്തവർ" "നഷ്ടപ്പെടുന്നവരുടെ" വശത്തുമാകുന്നതുവരെ ആ രേഖ നീട്ടുക. "പാടില്ല, അതു ശരിയല്ല," മറ്റു ചിലർ എതിർക്കും. എന്തുകൊണ്ടു പാടില്ല? "കാരണം അവർ നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുള്ളവരുമാണ്, ക്രിസ്തുവിനെ സ്വീകരിച്ചില്ല എന്ന പേരിൽ, ദൈവത്തിൽ വിശ്വസിക്കുന്ന അവരെ അവൻ ശിക്ഷിക്കുകയില്ല." അടുത്തതായി, "അക്രൈസ്തവർ" "രക്ഷിക്കപ്പെട്ടവരുടെ" വശത്തും, എന്നാൽ "നിരീശ്വരന്മാർ" നഷ്ടപ്പെടുന്നവരുടെ വശത്തുമാകത്തക്ക വിധത്തിൽ രേഖ നീക്കാം. "നിർത്തുക, നിങ്ങൾക്ക് അവിടെ വരയ്ക്കുവാൻ സാധ്യമല്ല," എന്ന് ഇനിയുമൊരാൾ എതിർക്കുന്നു. എന്തുകൊണ്ടു പാടില്ല? "കാരണം ചില നിരീശ്വരന്മാർ ധാർമ്മികമായി ക്രിസ്ത്യാനികളെ പോലെ നല്ലവരാണ്. എങ്ങനെയായാലും, സ്വർഗ്ഗത്തിലേക്കു പോകുവാൻ നിങ്ങൾ ആത്മാർത്ഥതയുള്ളവരായി ജീവിച്ചു മറ്റുള്ളവരോടു മാന്യമായി പെരുമാറുകയാണ് വേണ്ടത്. അത്തരം ആളുകളെ അവ

നിൽ വിശ്വസിച്ചില്ല എങ്കിലും, ദൈവം ഒരിക്കലും ശിക്ഷിക്കുകയില്ല. തീർച്ചയായും നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധരുമായ നിരീശ്വരന്മാരെ പോലും ദൈവം ശിക്ഷിക്കുകയില്ല." അതുകൊണ്ടു, നാം ആ രേഖ വീണ്ടും മാറ്റി നിരീശ്വരന്മാരെയും "രക്ഷിക്കപ്പെട്ടവരുടെ" വശത്താക്കണം.

അവസാനം നമുക്കിവിടെ ഒരു കരാറിലെത്തുവാൻ കഴിയും. ഇപ്പോൾ "നഷ്ടപ്പെട്ടവരുടെ" വശത്തുള്ളവർ നന്നല്ലാത്തവരും, ആത്മാർത്ഥതയില്ലാത്തവരും, സത്യസന്ധതയില്ലാത്തവരും ആണ്. അങ്ങനെ അധികം പേരും പറയണം, "അതെ, ദൈവം നല്ലവരല്ലാത്ത, ആത്മാർത്ഥതയില്ലാത്ത, സത്യസന്ധരല്ലാത്ത അവിശ്വാസികളെ ശിക്ഷിക്കും."

നന്നല്ലാത്ത, ആത്മാർത്ഥതയില്ലാത്ത, സത്യസന്ധരല്ലാത്തവരെ ശിക്ഷിക്കുന്നതോടെ, നാം ആ രേഖ വിട്ടുപോകുന്നതിനുമുമ്പു, വീണ്ടും നാം തടസങ്ങൾ കേൾക്കുന്നു: "വാസ്തവമാണ്, അവർ നല്ലവരല്ല," ചിലർ പറയുന്നു, "എന്നാൽ എന്തുകൊണ്ട് അവർ നല്ലവരല്ല?" "അവർ മാനസികമായി അല്ലെങ്കിൽ ശാരീരികമായി, രോഗികളാണ്," എന്നു മനോരോഗവിദഗ്ദ്ധൻ പറയുന്നു. "അവർക്കു വിദ്യാഭ്യാസം തടയപ്പെട്ടതാണ്," അദ്ധ്യാപകൻ പറയുന്നു. "അവർ സാമൂഹ്യപരമായി തഴയപ്പെട്ടവരാണ്," എന്നു സാമൂഹ്യവാദി പറയുന്നു. "അവരുടെ ചുറ്റുപാടാണ് അവരെ അങ്ങനെ ആക്കിയത്. അതുകൊണ്ടു അവരെ കുറ്റപ്പെടുത്തുവാൻ നിങ്ങൾക്കു സാധ്യമല്ല," മനശാസ്ത്രവിദഗ്ദ്ധൻ പറയുന്നു. "അവരെ നരകത്തിലേക്കു മുൻനിർണ്ണയിക്കപ്പെട്ടതാണ്," എന്നു കാൽവിനിസ്റ്റു പറയുന്നു. "അവർക്കു സൺഡേസ്ക്കൂളിൽ പഠിക്കുവാനുള്ള അവസരം ലഭിച്ചിട്ടില്ല," എന്നു സഭാംഗം പറയുന്നു, "അതുകൊണ്ടു അവർക്കു അധികമൊന്നും അറിയില്ല." ഈ പ്രസ്താവനകളിൽ പലതിലും കുറച്ചു സത്യമുണ്ട്. അതുകൊണ്ടു, ചോദ്യം ഇപ്പോഴും നമ്മിൽ തന്നെ നില്ക്കുന്നു: "അത് യഥാർത്ഥത്തിൽ അവരുടെ കുറ്റമല്ലെങ്കിൽ, പിന്നെ നന്നല്ലാത്തവരും, ആത്മാർത്ഥതയില്ലാത്തവരും, സത്യസന്ധതയില്ലാത്തവരും ആയവരെ ദൈവത്തിനു എങ്ങനെ ശിക്ഷിക്കുവാൻ കഴിയും?"

ഈ സമയത്ത്, നമ്മുടെ രേഖ പൂർണ്ണമായും വിട്ടുപോകുവാൻ നാം തയ്യാറായേക്കാം! എന്നാൽ നമുക്ക് അതിനു കഴിയുകയില്ല! നാം അങ്ങനെ ചെയ്യുകയാണെങ്കിൽ, കുറഞ്ഞത്, ബൈബിളിനെയും കളയേണ്ടി വരും കാരണം ചിലർ നഷ്ടപ്പെടുമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്!

അപ്പോൾ പിന്നെ നാം എവിടെയാണ് രേഖയിടേണ്ടത്? അതു എവിടെയെങ്കിലും ഇടേണ്ടതാണ് എന്നതാണ് പോയിന്റ്! *രേഖ എവിടെയിട്ടാലും, അതിന്റെ തെറ്റായ വശത്ത്, നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധരും ആയവർ കാണും അല്ലെങ്കിൽ, അങ്ങനെയാകാത്തതിന് മാപ്പുകൊടുക്കേണ്ടവരായി നാം ചിന്തിക്കുന്നവരുണ്ടാകും!*

മറ്റൊരു വാക്കിൽ പറഞ്ഞാൽ, വ്യത്യസ്ത ഉപദേശം വിശ്വസിക്കുന്ന നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുള്ളവരും ആയവർ നഷ്ടപ്പെടുമോ ഇല്ലയോ എന്ന പ്രശ്നം അഭിമുഖീകരിക്കുന്നത് രക്ഷക്കു സ്നാനം ആവശ്യമാണെന്നു പറയുന്ന നാം മാത്രമല്ല. ഒരു പ്രൊട്ടസ്റ്റന്റുകാരൻ എഴുതിയ "ഏക സത്യ മതം" എന്നതിനെ കുറിച്ചുള്ള ഒരു ലേഖനം എന്റെ ഫയലിൽ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ക്രിസ്ത്യാനി എന്നു പറയുന്ന ആരും അയാൾ പറയുന്നതു അംഗീകരിക്കും; ബൈബിൾ അനുസരിച്ചു, ക്രിസ്ത്യാ

നിത്വം, ഏക സത്യ മതം *ആണ്*! വിശാലമായ അർത്ഥത്തിൽ, ലോകജനസം ഖ്യയിൽ 30 ശതമാനം പേർ ക്രിസ്ത്യാനിത്വത്തെ വിശ്വസിക്കുന്നു. എന്നാൽ അതിനർത്ഥം ലോകജനസംഖ്യയിൽ, ശേഷിക്കുന്ന 70 ശതമാനം പേരും, നഷ്ടപ്പെട്ടവർ ആണെന്നാണ്! അയാൾ വിളിച്ച "ഏക സത്യ മത" ത്തിന്റെ ഭാഗമല്ലാത്ത നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുള്ളവരും ആയവരെ കുറിച്ചു നാം എന്താണ് വിശ്വസിക്കേണ്ടത്?

നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുമുള്ളവർ നഷ്ട പ്പെടുന്നതിന്റെ പ്രശ്നങ്ങൾ, ബൈബിളിനെ അല്ലെങ്കിൽ ക്രിസ്തുവിനെ കുറിച്ച് എന്തും വിശ്വസിക്കുന്ന ആരും അഭിമുഖീകരിക്കുന്ന സാർവ്വദേശീയ പ്രശ്നമാണെന്നു നാം കാണിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും നാം ചോദ്യത്തിനു ഉത്തരം നല്കിയില്ല: എന്തുകൊണ്ടു ദൈവം ഈ ആളുകളെ ശിക്ഷിക്കുന്നു?

ബൈബിളിൽ പഠിപ്പിച്ചിരിക്കുന്ന മൂന്നു വലിയ വസ്തുതകളിലാണ് ആ ചോദ്യത്തിനുള്ള ഉത്തരം കിടക്കുന്നത്: ഒന്ന്, എല്ലാവരും പാപം ചെയ്തിരി ക്കുന്നു (റോമർ 3:23). രണ്ട്, പാപികൾക്കുള്ളതു മരണമാണ്. റോമർ 6:23 പറയുന്നു, "പാപത്തിന്റെ ശമ്പളം മരണമത്രേ, ..." "ശമ്പളം" എന്ന വാക്ക് സൂചിപ്പിക്കുന്നത് നിങ്ങൾ മരണത്തിനു യോഗ്യരാണ് എന്നതുകൊണ്ട് പാപ ത്തിൽ നിന്നു കിട്ടുന്ന ഒന്നാണ് മരണം എന്നാണ്. നിങ്ങൾ പാപം ചെയ്തു, നിങ്ങളുടെ പാപം നിമിത്തമാണ് നിങ്ങൾ മരണത്തിനു യോഗ്യരായത്. മൂന്ന്, മനുഷ്യനു തന്നെത്താൻ രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല. പാപത്തിൽ, നാം പ്രത്യാശയില്ലാത്തവരാണ്, മരണത്തിനു ശിക്ഷിക്കപ്പെട്ടവരാണ്. പാപ ത്തിൽ നാം നിസ്സഹായരുമാണ്; നമ്മുടെ പാപത്തിൽ നിന്ന് നമ്മെ എഴുന്നേ ല്പിക്കുവാനും നമുക്കു കഴിവില്ല. അതുകൊണ്ടു, നമ്മുടെ പാപം നീക്കു വാൻ, നാം എന്തു ചെയ്താലും, നാം ആരായാലും അതു മതിയായതല്ല.

പലരുടെയും പ്രശ്നമെന്തെന്നാൽ അവരുടെ നന്മയും, ആത്മാർത്ഥത യും, സത്യസന്ധതയും എങ്ങനെയും അവരുടെ പാപത്തിനു പരിഹാ രമാകുന്നുവെന്ന് അവർ വിശ്വസിക്കുന്നതാണ്. അവർ പാപം ചെയ്തു എന്ന് അവർക്ക് അറിയാം. എന്നാൽ അവർ നന്നായി, ആത്മാർത്ഥമായി, സത്യസ ന്ധമായി ജീവിച്ചാൽ, ആ പാപത്തെ ദൈവം കണക്കിടുകയില്ല എന്നാണ് അവരുടെ ചിന്ത. ദൈവം അവരോടു ക്ഷമിക്കുന്നു, ദൈവമുമ്പാകെ അവർ നീതീകരിക്കപ്പെടുന്നു. *എന്നാൽ ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നില്ല!* ലോക ത്തിലെ മുഴുവൻ നന്മക്കും, ആത്മാർത്ഥതക്കും, സത്യസന്ധതക്കും ഒരു പാപത്തെ പോലും നീക്കം ചെയ്യുവാൻ കഴിയുകയില്ല എന്നാണ് അതു പഠി പ്പിക്കുന്നത്! നിങ്ങളുടെ പാപങ്ങൾക്കു അതു മാത്രമാണ് നിങ്ങൾക്കു നല്കു വാനുള്ളതെങ്കിൽ, നിങ്ങൾ, അങ്ങനെ തന്നെ കഴിയുന്നിടത്തോളം കാലം, നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടില്ല, അതിനു സാധിക്കുകയുമില്ല!

നമുക്കു ഉത്തരമുള്ളത് ഈ ചോദ്യങ്ങൾക്കാണ്, "നല്ലവരും, ആത്മാർത്ഥ തയുള്ളവരും, സത്യസന്ധതയുള്ളവരുമായവർ എങ്ങനെ നഷ്ടപ്പെടുവാൻ ഇടവരുന്നു? ദൈവം എന്തുകൊണ്ട് അവരെ ശിക്ഷിക്കുന്നു?" ദൈവത്തിനു അതിനു ആഗ്രഹമുണ്ടായിട്ടല്ല; ദൈവം സ്നേഹമുള്ളവനാണ് അവൻ എല്ലാ വരേയും രക്ഷിക്കുവാനും ആഗ്രഹിക്കുന്നു. മറിച്ച്, അതിനുകാരണം അവർ പാപം ചെയ്തതുകൊണ്ടാണ്; അവർ ദൈവത്തിനെതിരായി മൽസരിച്ചു. പിന്നെ അവർ തങ്ങളുടെ പാപം മാറ്റുവാൻ ദൈവത്തിനു നല്കുന്നത്

പോരാത്തതായ അവരുടെ സ്വന്തം നന്മയാണ്.

## പിന്നെ ആർക്കു രക്ഷിക്കപ്പെടാം?

പിന്നെ ആർക്കു രക്ഷിക്കപ്പെടാം? നന്മയും, ആത്മാർത്ഥതയും, സത്യ സന്ധതയും സ്വയം രക്ഷ ഉറപ്പാക്കുവാൻ മതിയായതല്ലെങ്കിൽ - നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുള്ളവരും നഷ്ടപ്പെടുമെങ്കിൽ - പിന്നെ ആർക്ക് രക്ഷിക്കപ്പെടുവാൻ കഴിയും? ഉത്തരം, നിസാരമാണ്: സ്വന്ത നന്മയിലും, ആത്മാർത്ഥതയിലും, സത്യസന്ധതയിലും ആശ്രയിക്കാതെ, ക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിക്കുന്നവർ മാത്രമാണ്, ഇപ്പോഴും എന്നേക്കും രക്ഷിക്കപ്പെടുന്നവർ - രക്തത്താൽ രക്ഷിക്കപ്പെടുന്നവർ!

രക്തം *എന്തു* ചെയ്യുന്നു എന്നു ചിന്തിക്കുക: അതു മനസാക്ഷിയെ *ശുദ്ധീകരിക്കുന്നു*: "ദൈവത്തിനു തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജീവ പ്രവൃത്തികളെ പോക്കി, എത്ര ആധികം ശുദ്ധീക രിക്കും?" (എബ്രായർ 9:14). രക്തം *മനുഷ്യരുടെ പാപങ്ങൾ മോചിക്കും.* യേശു പറഞ്ഞു, "ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരി യുന്ന, പാപമോചനത്തിനായുള്ള എന്റെ രക്തം" (മത്തായി 26:38). അതു *പാപങ്ങളെ കഴുകിക്കളയുന്നു.* വെളിപ്പാട് 1:5 പറയുന്നു, "... നമ്മെ സ്നേഹി ക്കുന്നവനും [ക്രിസ്തു], നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിക്കുന്നവനും ആണ്."

തീർച്ചയായും അവന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നു. നമ്മെ ശിക്ഷി ക്കുകയും, കൊല്ലുകയും, ദൈവത്തിൽനിന്നു വേർപെടുത്തുകയും ചെയ്യുന്ന നമ്മുടെ പാപത്തെ അതു ഒപ്പിയെടുക്കുന്നു. എന്നാൽ അതെങ്ങനെയാണ് സംഭവിക്കുന്നത്? രക്തത്താൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിന്നു നാം എന്താണ് ചെയ്യേണ്ടത്?

*സ്നാനത്തിൽ* നമ്മുടെ മനസാക്ഷിയെ രക്തം ശുദ്ധീകരിക്കുന്നു. ഒന്നു പത്രൊസ് 3:20, 21 പറയുന്നു:

> ... പണ്ടു നോഹയുടെ കാലത്തു പെട്ടകം ഒരുക്കി, ദൈവം ദീർഘക്ഷമ യോടെ കാത്തിരിക്കുമ്പോൾ, ആ പെട്ടകത്തിൽ അല്പജനം, എന്നുവെ ച്ചാൽ, എട്ടുപേർ, വെള്ളത്തിൽ കൂടെ രക്ഷ പ്രാപിച്ചു. അതു സ്നാനത്തിനു, ഒരു മുൻകുറി സ്നാനമോ - ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതാ യിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.

*സ്നാനപ്പെടുമ്പോൾ* രക്തം പാപങ്ങളെയും മോചിക്കുന്നു. പ്രവൃത്തി കൾ 2:38-ൽ, വിശ്വസിച്ച യെഹൂദന്മാരോടു പറഞ്ഞു, "... നിങ്ങൾ മാനസാ ന്തരപ്പെട്ടു, *നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി* ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും."(എംഫസിസ് മൈൻ.) സ്നാനപ്പെടുമ്പോൾ രക്തം പാപങ്ങളെ കഴുകിക്കളയുന്നു. പശ്ചാത്തപിച്ച ശൗലിനോടു, പ്രവൃത്തികൾ 22:16-ൽ പറഞ്ഞു, "ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ

കഴുകിക്കളക.” രക്തത്താലുള്ള രക്ഷക്കു സ്നാനം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന ചോദ്യത്തിനുള്ള, ഉത്തരം റോമർ 6:3, 4 നല്കുന്നതാണ്: “അല്ല യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു, ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ.”

നാം ക്രിസ്തുവിന്റെ മരണത്തിൽ പങ്കുകാരാകുന്നതിനാണ് സ്നാനം ഏല്ക്കുന്നതെന്നു ബൈബിൾ പറയുമ്പോൾ, സ്നാനത്തെകുറിച്ചുള്ള സകല സംശയവും അതു മാറ്റുന്നു കാരണം അതു എന്നേക്കും അവന്റെ രക്തവുമായി അതിനെ ബന്ധിപ്പിക്കുന്നു. അതുകൊണ്ടു, നന്മയും, ആത്മാർത്ഥതയും, സത്യസന്ധതയും നിങ്ങളെ രക്ഷിക്കുകയില്ല; ക്രിസ്തുവിന്റെ രക്തത്തിനു മാത്രമേ അതിനു കഴിയൂ! എന്നാൽ രക്തത്താൽ രക്ഷിക്കപ്പെടുവാൻ, നിങ്ങൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കണം!

### രക്ഷ നമുക്ക് എങ്ങനെ തീർച്ചപ്പെടുത്താം?

നാം രക്ഷിക്കപ്പെട്ടു എന്നു നമുക്ക് എങ്ങനെ തീർച്ചയാക്കാം? ദൈവം മറ്റുള്ളവരോടു എങ്ങനെ ഇടപെടുന്നു എന്നു കണക്കാക്കാതെ, നാം രക്ഷിക്കപ്പെട്ടവരാണെന്നു *നമുക്ക് ഓരോരുത്തർക്കും* എങ്ങനെ സത്യസന്ധമായി *തീർച്ചപ്പെടുത്താം*. ഉത്തരം വളരെ വ്യക്തമാണ്:

ഒന്നാമത്, *നാം ദൈവവചനം കേട്ടിട്ടുണ്ടോ?* “ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമർ 10:17). രണ്ടാമത്, *യേശു ദൈവപുത്രനാണെന്നു നാം വിശ്വസിച്ചിട്ടുണ്ടോ?* “... ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും” (യോഹന്നാൻ 8:24). മൂന്നാമത്, *നമ്മുടെ പാപങ്ങളിൽനിന്നു നാം മാനസാന്തരപ്പെട്ടിട്ടുണ്ടോ?* “... മാനസാന്തരപ്പെട്ടില്ലെങ്കിൽ, നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും” (ലൂക്കൊസ് 13:3). നാലാമത്, *ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം നാം ഏറ്റുപറയുവാൻ തയ്യാറായിട്ടുണ്ടോ?* “ഹൃദയംകൊണ്ടു, നീതിക്കായി വിശ്വസിക്കയും, വായ്കൊണ്ടു രക്ഷക്കായി, ഏറ്റു പറയുകയും ചെയ്യുന്നു” (റോമർ 10:10). അഞ്ചാമത്, *നാം പാപങ്ങളുടെ മോചനത്തിനായി വചനപ്രകാരം സ്നാനം ഏറ്റിട്ടുണ്ടോ?* “... നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും” (പ്രവൃത്തികൾ 2:38).

വെറുമൊരു പുതിയനിയമ ക്രിസ്ത്യാനി ആയി തീരുക. നിങ്ങൾ അവന്റെ കല്പനകൾ അനുസരിച്ചാൽ, നിങ്ങൾ എന്നേക്കും ദൈവവുമായി സ്വർഗത്തിൽ ജീവിക്കുമെന്നു ഉറപ്പിക്കാം. പിന്നെ, അവൻ മറ്റുള്ളവർക്കു എന്തുതന്നെ ചെയ്താലും, നിങ്ങൾ ദൈവത്തിന്റെ രേഖയുടെ ശരിയായ വശത്തായിരിക്കും എന്ന് നിങ്ങൾക്കുറപ്പിക്കാം!

### ഉപസംഹാരം

നമുക്ക് അവസാനം ഒരു ചോദ്യം കൂടെ ചോദിക്കാം: *നിങ്ങൾ വാസ്ത*

*വത്തിൽ നല്ലവനും, ആത്മാർത്ഥതയും, സത്യസന്ധതയും ഉള്ള ആളാണോ?*

നിങ്ങൾ കർത്താവിന്റെ കല്പനകൾ മുഴുവനും അനുസരിക്കാതിരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങൾ "നല്ലവൻ" ആണോ?

സത്യമായി നിങ്ങൾ കാണുന്നത് അനുസരിക്കാതിരിക്കുമ്പോൾ നിങ്ങൾ വാസ്തവത്തിൽ "സത്യസന്ധൻ" ആണോ? നിങ്ങൾ ഒരുപക്ഷെ പറഞ്ഞേക്കാം, "എന്നാൽ ഇതു ചിലർ കണ്ടില്ല, അതുകൊണ്ടു അയാൾ ഇതനുസരിച്ചതുമില്ല." ഒരുപക്ഷെ ഇല്ലായിരിക്കാം, എന്നാൽ നിങ്ങൾക്കു ലഭിച്ചതുപോലെയുള്ള അവസരം ഒരുപക്ഷെ അയാൾക്ക് കിട്ടിയിരിക്കയില്ല. അപ്പോൾ അയാൾ സത്യസന്ധമായി പറയും, "എനിക്ക് നന്നായി അറിയില്ലായിരുന്നു." എന്നാൽ നന്നായി അറിയാമെങ്കിൽ, നന്നായി പഠിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് അങ്ങനെ പറയുവാൻ കഴിയുമോ? നിങ്ങൾക്കു അറിയാവുന്ന സത്യമനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നത് സത്യസന്ധതയില്ലായ്മയല്ലേ?

നിങ്ങൾ സത്യം ഒരിക്കലും കേട്ടിട്ടില്ലാത്തവണ്ണം നിങ്ങളുടേതായ വഴിക്കു സഞ്ചരിക്കുവാനും ബൈബിൾ ശ്രദ്ധിക്കാതിരിക്കുവാനും തീരുമാനിച്ചാൽ, നിങ്ങൾ വാസ്തവത്തിൽ "ആത്മാർത്ഥത"യുള്ള ആളാണോ? അങ്ങനെയാണെങ്കിൽ, നിങ്ങൾ ദൈവേഷ്ടം അറിയുവാനും, ദൈവേഷ്ടം അനുസരിക്കുവാനും ആഗ്രഹിക്കുന്നതിൽ വാസ്തവത്തിൽ ആത്മാർത്ഥതയുള്ളവനാണോ?

മറ്റുള്ളവർ നല്ലവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധതയുള്ളവരും ആണോ അല്ലയോ എന്നതല്ല, *നിങ്ങൾ* അങ്ങനെയാണോ?

---

കുറിപ്പ്

[1]"സെലക്റ്റഡ് ആന്റ് അഡാപ്റ്റഡ്" എന്ന ലേഖനത്തിൽ നിന്നു എടുത്തതും സിലോം സ്പ്രിങ്സ്, അർക്കൻസാസ് എന്ന ചർച്ച് ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതുമാണ്.